DESPATCHED
On.07.11.22



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 601(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.8374/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഒക്ടോബർ 28

ശ്രീ. സുനിൽകുമാർ കരിമ്പിൽ,
N/o എൻ. കോമൻ മാസ്റ്റർ (Late),
വേണ്ടേങ്ങാനം, മടിക്കൈ പി.ഒ.,
കാസറഗോഡ് – 671 314. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   മലബാർ കാൻസർ സെന്റർ,
   മൂഴിക്കര, തലശ്ശേരി,
   പിൻ – 670 103.
2. അപ്പീൽ അധികാരി &
   ഡയറക്ടർ,
   മലബാർ കാൻസർ സെന്റർ,
   മൂഴിക്കര, തലശ്ശേരി,
   പിൻ – 670 103.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 17.11.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.12.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 20.12.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 28.12.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.5.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 4.6.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10.6.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 1.7.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 27.9.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എതിർകക്ഷികൾ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. സുനിൽകുമാർ കരിമ്പിൽ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ

സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് കൃത്യമായോ പൂർണ്ണമായോ മറുപടി നൽകിയില്ലെന്നും അപേക്ഷയിലെ ചോദ്യ നമ്പർ 1 സി-യിൽ ടിയാൻ നൽകിയ പരാതിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ആവശ്യപ്പെട്ടിരുന്നു എന്നും എന്നാൽ അതുമായി ബന്ധപ്പെട്ട യാതൊരു ഉത്തരവും നൽകിയിട്ടില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട മുഴുവൻ രേഖകളും നിയമ പ്രകാരം സമയപരിധിക്കുള്ളിൽ ലഭ്യമാക്കേണ്ടതാണെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 17.11.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1. എ) 2021 മാർച്ച് ഒന്നു മുതൽ 2021 നവംബർ 15 വരെയുള്ള ദിവസങ്ങളിൽ മലബാർ കാൻസർ സെന്റർ ഡയറക്ടർ/മലബാർ കാൻസർ സെന്റർ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നിവർ ആർക്കെങ്കിലും എതിരെ/ആരുടെയെങ്കിലും പേരിൽ, ഏതെങ്കിലും വിഷയത്തിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ അല്ലെങ്കിൽ കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെ ഏതെങ്കിലും പോലീസ് അധികാരികൾക്ക് എന്തെങ്കിലും/ഏതെങ്കിലും വിഷയവുമായി ബന്ധപ്പെട്ട് പരാതി നൽകിയിട്ടുണ്ടോ എന്നും

ബി) ഉണ്ടെങ്കിൽ ടി പരാതി മലബാർ കാൻസർ സെന്റർ തപാൽ ഡെസ്പാച്ച് രജിസ്റ്ററിൽ/ലോക്കൽ ഡെലിവറി രജിസ്റ്ററിൽ എൻട്രി നടത്തിയിട്ടുണ്ടോ എന്നും

സി) എൻട്രി നടത്തിയിട്ടുണ്ടെങ്കിൽ ആയത് ഡെസ്പാച്ച് നമ്പറും തീയതിയും നൽകണമെന്നും ടി പരാതിയുടെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ് നൽകണമെന്നും

ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും മറ്റുമായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 16.12.2021-ന് നൽകിയ മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതിന് ഫീസ് അടയ്ക്കുന്നതിനെ കുറിച്ചുള്ള വിവരങ്ങൾ നൽകിയിട്ടുള്ളതായി കാണുന്നു. മേൽ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 20.12.2021-ന് ഒന്നാം അപ്പീൽ നൽകിയതായി കാണുന്നു. ടി അപ്പീൽ തീർപ്പാക്കി 28.12.2021-ന് നൽകിയ മറുപടിയിൽ അറിയിച്ചത് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ 1 (സി) രഹസ്യ സ്വഭാവമുള്ള വിവരമായതിനാൽ ആയത് ഒഴികെയുള്ള വിവരങ്ങൾ നൽകുന്നതിനായി പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ്.

4. രണ്ടാം എതിർകക്ഷി 29.6.2022-ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 17.11.2021-ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, 2021 മാർച്ച് 1 മുതൽ 2021 നവംബർ 15 വരെയുള്ള ദിവസങ്ങളിൽ മലബാർ കാൻസർ സെന്റർ ഡയറക്ടർ/മലബാർ കാൻസർ സെന്റർ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നിവർ ആർക്കെങ്കിലും എതിരെ/ആരുടെയെങ്കിലും പേരിൽ, ഏതെങ്കിലും വിഷയത്തിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ അല്ലെങ്കിൽ കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെ ഏതെങ്കിലും പോലീസ് അധികാരികൾക്ക് എന്തെങ്കിലും/ഏതെങ്കിലും വിഷയവുമായി ബന്ധപ്പെട്ട് പരാതി നൽകിയിട്ടുണ്ടോ എന്നായിരുന്നു എന്നും ആയതിന് നൽകിയിട്ടുണ്ട് എന്നായിരുന്നു മറുപടി നൽകിയതെന്നും ടി മറുപടി മുൻനിർത്തിയാണ് ഹർജിക്കാരൻ പോലീസ് അധികാരികൾക്ക് പരാതി

നൽകിയതായി സമ്മതിച്ചിട്ടുണ്ടെന്നു സമർത്ഥിക്കാൻ ശ്രമിക്കുന്നതെന്നും ഹർജിക്കാരന്റെ പേരിലോ ടിയാനെ കുറിച്ചോ യാതൊരു പരാമർശവും ടി കത്തിൽ ഇല്ലെന്നും ടി കത്ത് കോൺഫിഡൻഷ്യൽ ആയതിനാലും പൊതുജന താല്പര്യമുള്ള വിഷയമല്ലാത്തതിനാലുമാണ് ടി കത്തിന്റെ പകർപ്പ് നൽകാതിരുന്നത് എന്നുമാണ്. കഴിഞ്ഞ കുറച്ച് കാലങ്ങളായി വിവരാവകാശ നിയമം ഉപയോഗിച്ച് അനവധി ചോദ്യങ്ങൾ ടി സ്ഥാപനത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നു എന്നും മേൽ പ്രകാരമുള്ള ചോദ്യങ്ങൾ പരിശോധിച്ചതിൽ മലബാർ കാൻസർ സെന്ററിലുള്ള വിവിധ ഫയലുകളുടെയും റേഡിയേഷൻ ഉപകരണങ്ങൾ, റേഡിയേഷൻ സോഴ്സ്, ലൈസൻസുകൾ എന്നിവ സംബന്ധിച്ചുള്ള സൂക്ഷ്മമായ വിവരങ്ങൾ പോലും ചോദ്യങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുമാണ്. മേൽപ്പടി ചോദ്യങ്ങളൊന്നും തന്നെ പൊതു ജന താല്പര്യമുള്ള വിഷയമല്ലാത്തിനാൽ ഇത്തരത്തിലുള്ള വിഷയങ്ങൾ സംബന്ധിച്ച് ചോദ്യങ്ങൾ ഉന്നയിക്കുന്നത് നല്ല ഉദ്ദേശത്തോടു കൂടി അല്ലെന്നും അനുമാനിക്കുന്നു എന്നും കൂടാതെ ഒരു സംഘം കൂടിയിരുന്നു ആലോചിച്ച് നിരന്തരമായി ടി സ്ഥാപനത്തിലേക്ക് കത്തുകൾ അയച്ചു കൊണ്ടിരിക്കുകയാണെന്നും ആയത് മലബാർ കാൻസർ സെന്ററിന്റെ ദൈനംദിന പ്രവർത്തനത്തെ തന്നെ ബാധിക്കുന്ന തരത്തിലേയ്ക്ക് മാറിയിരിക്കുന്നു എന്നുമാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റേയും പരാതിക്കാരനേയും എതിർകക്ഷികളേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരനെതിരെ മലബാർ കാൻസർ സെന്റർ ഡയറക്ടർ ഫയൽ ചെയ്ത പരാതിയുടെ പകർപ്പ് ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയില്ല എന്നതാണ് ടിയാന്റെ പരാതി എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. എന്നാൽ അപ്പീൽ അധികാരി സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരനെതിരെ മലബാർ കാൻസർ സെന്റർ ഒരു പരാതിയും ഫയൽ ചെയ്തിട്ടില്ല എന്നാണ് കമ്മീഷൻ മുമ്പാകെ അറിയിച്ചത്. 16.10.2021-ൽ മലബാർ കാൻസർ സെന്റർ ഡയറക്ടർ ഫയൽ ചെയ്ത പരാതിയുടെ പകർപ്പ് കമ്മീഷനിൽ ഹാജരാക്കിയെങ്കിലും പരാതിയിൽ ഹർജിക്കാരന്റെ പേര് കാണുന്നില്ല. കമ്മീഷൻ നിർദ്ദേശ പ്രകാരം 18.10.2022-ൽ കണ്ണൂർ ജില്ലാ പോലീസ് മേധാവി സമർപ്പിച്ച റിപ്പോർട്ടിൽ, ടിയാന്റെ ഓഫീസിൽ നിന്നും മലബാർ കാൻസർ സെന്റർ ഡയറക്ടർക്ക് അയച്ച കത്തിൽ ഹർജിക്കാരനായ ശ്രീ. സുനിൽകുമാർ കരിമ്പിലിന്റെ പേര് അബന്ധത്തിൽ ചേർത്തതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാലാണ് ഹർജിക്കാരനെതിരെ എം.സി.സി. ഡയറക്ടർ പരാതി സമർപ്പിച്ചു എന്ന് ടിയാൻ ആരോപിക്കുന്നത് എന്നും കണ്ണൂർ ഡി.സി.പി അറിയിച്ചിട്ടുണ്ട്. എന്നാൽ എം.സി.സി. ഡയറക്ടർ ഹർജിക്കാരനെതിരെ സമർപ്പിച്ച മറ്റൊരു പരാതിയിൽ അന്വേഷണത്തിന്റെ ഭാഗമായി ന്യൂമാഹി എസ്.എച്ച്.ഒ ഹർജിക്കാരനിൽ നിന്നും മൊഴിയെടുത്ത സമയത്ത് ടിയാനെതിരെയുള്ള പരാതി ഹർജിക്കാരനെ വായിച്ച് കേൾപ്പിച്ചിരുന്നതായും കണ്ണൂർ ഡി.സി.പി. റിപ്പോർട്ട് ചെയ്യുന്നു. വിവരാവകാശ നിയമത്തിലെ 2 (എൻ) വകുപ്പ് പ്രകാരം 3-ാം കക്ഷി എന്നാൽ വിവരത്തിനായി അപേക്ഷ നൽകുന്ന പൗരനല്ലാത്ത ഒരാൾ എന്നർത്ഥമാകുന്നതും അതിൽ ഒരു പൊതു അധികാരസ്ഥാനം ഉൾപ്പെടുന്നതും ആകുന്നു. എം.സി.സി ഡയറക്ടർ എന്നത് ഇക്കാരണങ്ങളാൽ മൂന്നാം കക്ഷിയാണ്. ടിയാൻ കണ്ണൂർ ഡി.സി.പിക്ക് സമർപ്പിച്ചിട്ടുള്ള പരാതി എന്നത് രഹസ്യ സ്വാഭാവമുള്ള രേഖതന്നെയാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖ മൂന്നാം കക്ഷി വിവരമായതിനാലും ആയത് വെളിപ്പെടുത്തുന്നതിനുള്ള പൊതു താല്പര്യം പരാതിക്കാരൻ സ്ഥാപിച്ചിട്ടില്ല എന്നതിനാലും ഹർജിക്കാരന്റെ

അപ്പീലിന്മേലുള്ള എം.സി.സി അപ്പീൽ അധികാരിയുടെ വാദങ്ങൾ കമ്മീഷൻ അംഗീകരിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ 28-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk